# പതിനാലാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3184 07.02.2018-ൽ മറുപടിയ്ക്ക്**

**ആധുനിക മത്സ്യ മാർക്കറ്റുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യ വിപണനത്തിന് ആധുനിക സൗകര്യങ്ങളോട്ടു കൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത മാർക്കറ്റിലൂടെ നല്ല മത്സ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) സ്വീകരിക്കുന്നതാണ്. |
| സി) മത്സ്യ മാർക്കറ്റുകളിൽ വൃത്തിയും വെടിപ്പും കാത്തു സൂക്ഷിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) ആധുനികവത്ക്കരിക്കപ്പെടുന്ന ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യ ത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയാക്കി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റും അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്ന തിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**